## വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഞാൻ സൗമ്യതയും താഴ്മയുള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ (മത്തായി 11:30) എന്നരുളി ചെയ്ത കർത്താവായ യേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

വിജ്ഞാനത്തേക്കാൾ വലുത് വിനയമാണെന്ന് മഹാന്മാർ പറഞ്ഞിട്ടുണ്ടല്ലോ. സൗമ്യതയ്ക്ക് ഗ്രീക്കിൽ 'PRAOTES' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം പിറുപിറുപ്പില്ലാതെ കഷ്ടം അനുഭവിക്കുന്ന അവസ്ഥ എന്നാണ്. യേശു മിശിഹായുടെ ഗിരിപ്രഭാഷണത്തിൽ (മത്തായി 5:5) സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും എന്ന് അരുളിച്ചെയ്യുന്നു. ഗലാത്യ ലേഖനത്തിൽ ആത്മാവിന്റെ ഫലങ്ങളെ കുറിച്ച് പറയുമ്പോൾ അവിടെയും സൗമ്യതയെക്കുറിച്ച് പൗലോസ് ശ്ലീഹാ പറയുന്നു (ഗലാത്യർ 5:23).

അനേകം ആളുകൾ സ്ഥാനമാനങ്ങൾക്കുവേണ്ടി സ്വന്ത താൽപര്യം സ്ഥാപിച്ചുകിട്ടാൻ മറ്റുള്ളവരുടെ മുമ്പിൽ താഴ്മയും, വിനയവും, സൗമ്യതയും അഭിനയിക്കുന്നത് നമുക്ക് കാണാം. ഞാനുദ്ദേശിക്കുന്നത് ആ സൗമ്യത അല്ല. ഹൃദയത്തിൽ നിന്നുണ്ടാകുന്ന യഥാർത്ഥ സൗമ്യതയെക്കുറിച്ചാണ്.

പണ്ടുകാലങ്ങളിൽ ഇന്നത്തെപ്പോലെ വാഹനസൗകര്യം ഇല്ലാതിരുന്ന നാളുകളിൽ സാധനങ്ങൾ കൊണ്ടുപോകുന്നത് കാളവണ്ടിയിൽ ആയിരുന്നു. വണ്ടിക്കാരൻ ചരക്കുകയറ്റി കഴിഞ്ഞ് തന്റെ കാളയെ നുകത്തിനടുത്തേയ്ക്ക് കൊണ്ടുവരുമ്പോൾ കാള സ്വയം കൊമ്പുകൾ താഴ്ത്തി നുകത്തിനടിയിലേയ്ക്ക് തല വെയ്ക്കുമ്പോൾ വണ്ടിക്കാരൻ താങ്ങി കൊടുക്കുന്നത് കണ്ടിട്ടുണ്ട്. ഇതുപോലെ നാം ദൈവസന്നിധിയിൽ നമ്മേത്തന്നെ താഴ്ത്തുമ്പോൾ നമ്മുടെ കർത്താവ് നമ്മുടെ ജീവിത നുകം താങ്ങും. അവൻ നിങ്ങൾക്കുവേണ്ടി കരുതുന്നവനാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ (1 പത്രോസ് 5:7) എന്ന് അവിടുന്നരുളിചെയ്യുന്നു. നമ്മുടെ സൗമ്യത സകല മനുഷ്യരും അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. (എഫേസ്യർ 4:2) നാം സൗമ്യതയെ പിന്തുടരണം (1. തിമൊ. 6:11) പൂർണ്ണസൗമ്യത കാണിക്കുക (തീത്തോസ് 3:2). വചനം സൗമ്യതയോടെ കൈക്കൊള്ളണം (യാക്കോബ് 1:21), പ്രതിവാദം പറയുന്നത് സൗമ്യതയോടെ വേണം (1 പത്രോസ് 3:15).

പൗലോസ് ശ്ലീഹ എഫേസ്യ സഭയ്ക്ക് ലേഖനം എഴുതുമ്പോൾ ക്രിസ്തുവിന്റെ സൗമ്യതയും, ശാന്തതയും ഓർപ്പിച്ച് പ്രബോധിപ്പിക്കുന്നു. ക്രിസ്തു ശാന്തനായി (യെശായ്യാ 53:7) തന്നെത്താൻ താഴ്ത്തി വായ് തുറക്കാതെ പീലാത്തോസിന്റെ മുമ്പിലും, കയ്യഫാവിന്റെ മുമ്പിലും അറക്കുവാൻ കൊണ്ടുപോകുന്ന ആടിനെപ്പോലെയും, രോമം കത്രിക്കുന്നവരുടെ മുമ്പിൽ മിണ്ടാതിരിക്കുന്ന കുഞ്ഞാടിനെപ്പോലെയും നിന്നു. പക്ഷെ കർത്താവിന് ന്യായം കിട്ടാതെ പോയി. എന്നാൽ പിതാവായ ദൈവം യേശുവിനെ ഏറ്റവും ഉയർത്തി. ആകയാൽ നമ്മൾക്കും ദൈവതൃപ്പാദത്തിങ്കൽ നമ്മേത്തന്നെ താഴ്ത്തി സമർപ്പിച്ച് പ്രാർത്ഥിക്കാം. ദൈവം തക്കസമയത്ത് നമ്മളെ ഉയർത്തും. ഈ വചനങ്ങളാൽ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

എന്ന് നിങ്ങളുടെ

**ഇടമ്പാടത്തച്ചൻ**

## പഠനക്കുറിപ്പുകൾ

### വിശുദ്ധ വേദപുസ്തകം

വിശുദ്ധ വേദപുസ്തകം വേദ വചനമാണ്. വിശുദ്ധ വേദപുസ്തകത്തിന്റെ ആരംഭം തൊട്ട് അവസാനംവരേയും ദൈവം സംസാരിക്കുകയാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ച നാൾ മുതൽ തന്റെ സൃഷ്ടികളായ മനുഷ്യരോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. പഴയ നിയമകാലത്ത് ദൈവം പ്രവാചകന്മാരിൽക്കൂടിയും, പുതിയ നിയമകാലത്ത് ദൈവം യേശുക്രിസ്തുവിലൂടെയും സംസാരിച്ചു. എബ്രായർ 1: 1-2, 2:3-4, അ.പ്ര. 3:21, റോമർ 1:1-2. ദൈവം മനുഷ്യരോട് സംസാരിച്ചതിന്റെ ഫലമായി ഉണ്ടായതാണ് വിശുദ്ധ വേദപുസ്തകം. ദൈവം ദൈവത്തെ വെളിപ്പെടുത്തിയ ചരിത്രമാണ് വി.വേദപുസ്തകം. കർത്താവായ യേശുക്രിസ്തുവിൽക്കൂടി ലഭിക്കുന്ന പാപമോചനം, വീണ്ടും ജനനം, പുത്രത്വം, നിത്യജീവൻ, സ്വർഗ്ഗീയ യെരുശലേമിലുള്ള നിത്യവാസം എന്നിവ വിശുദ്ധവേദപുസ്തകത്തിൽ കൂടിയാണ് വെളിപ്പെടുത്തിയിരിക്കുന്നത്.

വിശുദ്ധ വേദുപുസ്തകത്തിന്റെ സ്വഭാവ വിശേഷങ്ങൾ

- v ഒരു പുസ്തകം : 66 പുസ്തകങ്ങൾ 40-ൽപരം വ്യത്യസ്ത വ്യക്തികളാൽ എഴുതപ്പെട്ടു എങ്കിലും അവ ഒരു പുസ്തകത്തിന്റെ 66 അദ്ധ്യായങ്ങളാണ്.
- v ഒരു വിഷയം : വേദപുസ്തകത്തിൽ ഒരേ ഒരു വിഷയം മാത്രമേയുള്ളു. മാനവജാതിയുടെ വീണ്ടെടുപ്പ് എന്നുള്ളതാണ്.
- v ഒരു എഴുത്തുകാരൻ : വ്യത്യസ്തങ്ങളായ വ്യക്തികളാൽ എഴുതി എങ്കിലും ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് എഴുത്തുകാരൻ
- v എഴുത്തുകാർ : വിശുദ്ധ വേദപുസ്തകം ശതാബ്ദങ്ങളിൽ വിവിധ സ്ഥലങ്ങളിലും, ജീവിതരീതികളിലും, കാലങ്ങളിലും ജീവിച്ചിരുന്ന 40-ൽപരം വ്യക്തികളാണ് എഴുതിയിട്ടുള്ളത്. മിസ്രയിം കൊട്ടാരത്തിൽ രാജകുമാരപദവിയിലും, മിസ്രയിം സംസ്ക്കാരത്തിലും വളർന്ന മോശയും, യിസ്രായേൽ ചക്രവർത്തിയായ ദാവീദും, വിജ്ഞാന പ്രവീണനും, പ്രവാചകനുമായിരുന്ന യശയ്യാവും, പുരോഹിതനായ യെഹസ്ക്കിയേലും, ഇടയനായ ആമോസും, ചുങ്കക്കാരിൽ പ്രമാണി ആയിരുന്ന മത്തായിയും, വൈദ്യനായ ലൂക്കോസും, മുക്കവനായിരുന്ന പത്രോസും, പരീശതത്വജ്ഞാനിയായ പൗലോസും വിശുദ്ധ വേദപുസ്തക എഴുത്തുകാരിൽ ചിലരാണ്. എങ്കിലും ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് വേദപുസ്തകത്തിന്റെ യഥാർത്ഥ എഴുത്തുകാരൻ (2 പത്രോസ് 1:21).

**ബിജു ചെങ്ങന്നൂർ**

**ചിന്താശകലം**

## എന്റെ കൈ പിടിക്കുക

ഒരിക്കൽ ഒരു പിതാവും അയാളുടെ കുഞ്ഞുമകളും കൂടി ഒരു പാലം കടക്കുകയായിരുന്നു. അൽപം പരിഭ്രാന്തനായ പിതാവ് മകളോടു പറഞ്ഞു മകളെ എന്റെ കൈയിൽ പിടിക്കു. അല്ലെങ്കിൽ ആറ്റിൽ വീണു പോയേക്കാം. കുട്ടി പറഞ്ഞു. ഡാഡി എന്റെ കൈ പിടിച്ചോളു. എന്താണ് വ്യത്യാസം ? പിതാവു ചോദിച്ചു.

വലിയ വ്യത്യാസമുണ്ട്. എന്തെങ്കിലും സംഭവിച്ചാൽ എന്റെ പിടിവിട്ടുപോകുവാൻ സാദ്ധ്യതയുണ്ട്. എന്നാൽ ഡാഡി എന്റെ കൈ പിടിച്ചാൽ എന്തു സംഭവിച്ചാലും ഡാഡി എന്റെ കൈ വിടുകയില്ല.

വ്യക്തിബന്ധത്തിൽ വിശ്വസ്ഥതയുടെ അന്തഃസാര്യം, കെട്ടിലല്ല, കെട്ടുറപ്പിലാണ്. നാം സ്നേഹിക്കുന്ന വ്യക്തികൾ അവരുടെ വിഷമഘട്ടങ്ങളിൽ നമ്മുടെ കൈപിടിക്കുവാൻ കാത്തിരിക്കാതെ നാം അവരുടെ കരങ്ങൾ ഗ്രഹിക്കുക. ***വിവർത്തനം : സൈബർ സ്പെയ്സിൽ നിന്ന്***

**ധ്യാനനിമിഷങ്ങൾ**

## പ്രാർത്ഥന അത്യാഹിതങ്ങളിൽ മാത്രമോ ?

അത്യാഹിതങ്ങളിലും അടിയന്തിരഘട്ടങ്ങളിലും മാത്രം ദൈവത്തിലേയ്ക്കു തിരിയുകയും ദൈവത്തോട് അപേക്ഷിക്കുകയും ചെയ്യുന്നവർ, കപ്പൽ അപകടഭീതിയിൽ എത്തുമ്പോൾ "ഞങ്ങളെ അടിയന്തരമായി രക്ഷിക്കണമെ" എന്ന് എസ്. ഒ. എസ് (Save Our Souls) സന്ദേശം എല്ലാദിക്കിലേയ്ക്കും അയക്കുന്നതുപോലെയാണ്. വിഷമകരമായ പ്രതിസന്ധികൾ വരുമ്പോൾ മാത്രം പള്ളികളിലും ക്ഷേത്രങ്ങളിലും പ്രാർത്ഥനകളുമായി ഓടിയെത്തുന്നവരുണ്ട്. ഉദാരമായ നേർച്ചകളും വഴിപാടുകളും അവരിൽനിന്ന് അപ്പോൾ ഒഴുകിയെന്നും വരും. ആശുപത്രികളിൽ അത്യാഹിത വിഭാഗത്തിലെ ഡോക്ടർമാരെ പോലെയാണ് അവർ ദൈവത്തെ വീക്ഷിക്കുന്നത്. അപകടം പിണയുമ്പോൾ മാത്രം അഭയം തേടാനുള്ള കേന്ദ്രമായി ദൈവത്തെ കാണുന്നത് തികച്ചും അപക്വമായ ആത്മീയതയെ കാണിക്കുന്നു.

നമ്മുടെ സാഹചര്യങ്ങൾ അനുകൂലമായാലും പ്രതികൂലമായാലും അവയിലെല്ലാം നമ്മെ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് ദൈവമാണ്. അവിടുത്തോടുള്ള ബന്ധം സാഹചര്യങ്ങളെ ആശ്രയിച്ച് മാറ്റാവുന്നതല്ല. ആത്മബന്ധമാണല്ലോ നമ്മുടെ പ്രാർത്ഥനാനുഭവം. മക്കൾ പിതാവിന്റെ / മാതാവിന്റെ സന്നിധിയിൽ ആകാംക്ഷയോടും പ്രതീക്ഷയോടും വന്നെത്തുന്നത് പ്രതിസന്ധികളിൽ മാത്രമല്ല, അവസരം ലഭിക്കുമ്പോഴെല്ലാമാണ്. കാരണം ആ സാന്നിദ്ധ്യം അവർക്ക് സന്തോഷവും സംതൃപ്തിയും ആശ്വാസവും നൽകുന്നു. ഹൃദയം തുറക്കുവാനും വികാരവിചാരങ്ങൾ പങ്കുവയ്ക്കുവാനും ഉത്സുകരാക്കുന്നു. പിതാവിൽ നിന്ന് എന്തെങ്കിലും ലഭിക്കണമെന്നുള്ളപ്പോൾ മാത്രമല്ല (അങ്ങനെയുള്ള മക്കളും ഉണ്ടെന്ന് സമ്മതിക്കുന്നു) ആ സാന്നിദ്ധ്യം നാമാഗ്രഹിക്കുന്നത്. ആ സ്നേഹവാത്സല്യം ആസ്വദിക്കുവാൻ ലഭിക്കുന്ന ഒരവസരവും പാഴാക്കുകയില്ല. നിശ്ചയമായും അത്യാഹിതങ്ങളിലും അടിയന്തിര ഘട്ടങ്ങളിലും നാം നടത്തുന്ന മുട്ടിപ്പായ അപേക്ഷ ദൈവം നിരസിക്കുകയില്ല. എന്നാൽ നമ്മുടെ സന്തോഷാവസരങ്ങളിലും വിജയങ്ങളും നേട്ടങ്ങളും വരിക്കുമ്പോഴും അവിടുത്തെ മുമ്പിൽ കൃതജ്ഞതയോടെ കടന്നെത്തുവാൻ ദൈവം നമ്മിൽനിന്നും പ്രതീക്ഷിക്കുന്നു. എല്ലാറ്റിനും വേണ്ടി സ്തോത്രം ചെയ്യുന്ന മനസ്സും ദൈവ സംസർഗ്ഗത്തിനായി വാഞ്ചിക്കുന്ന ആത്മാവും നമുക്കുണ്ടാകണം. നമ്മുടെ സാഹചര്യങ്ങൾ നമ്മുടെ ദൈവത്തോടുള്ള ബന്ധത്തെ ബാധിക്കുവാൻ ഇടയാക്കരുത്.

**ഫാദർ. റ്റി. ജെ. ജോഷ്വ**



## പ. ഔഗേൻ തിരുമേനിക്ക് ബാഷ്പാഞ്ജലികൾ

ഇടുക്കി ഭദ്രാസനാധിപൻ ഔഗേൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത പൊൻകുന്നത്തിനടുത്തുവച്ച് ജൂൺ 6-ാം തീയതി ഉണ്ടായ കാറപകടത്തെ തുടർന്നു നമ്മളെ എല്ലാവരേയും വേർപിരിഞ്ഞു പോയിരിക്കുന്നു. കബറടക്കം അടുത്ത ദിവസം പ. കാതോലിക്ക ബാവായുടെ മുഖ്യകാർമികത്വത്തിലും സഹ മെത്രാപ്പോലീത്തമാരുടെ സാന്നിദ്ധ്യത്തിലും വള്ളിക്കാട്ട് ദയറായിൽ നടത്തി.

നിർദ്ധന വിദ്യാർത്ഥികൾക്കു വിതരണം ചെയ്യുവാൻ നോട്ടുബുക്കുകളുമായി ഇടുക്കിയിലേയ്ക്കുള്ള യാത്രാവേളയിലാണ് ഈ ദാരുണ സംഭവമുണ്ടായത്. ശാന്തനും പക്വമതിയുമായ ഔഗേൻ തിരുമേനി തന്റെ ഇടുക്കിയിലെ വളരെ ചുരുങ്ങിയ ഭദ്രാസന ഭരണകാലം കൊണ്ട് വളരെ ക്രിസ്തീയ ഉണർവാണ് ഭദ്രസാനാംഗങ്ങൾക്ക് നൽകിയത്. അഗതികൾക്കാശ്വാസം നൽകുക ഒരു ജീവിത ലക്ഷ്യമായിരിന്നു അദ്ദേഹത്തിന്.

ഔഗേൻ എന്ന വാക്കിനർത്ഥം വിശുദ്ധമായ ജന്മം എന്നാണ്. പ. മാത്യൂസ് ബാവായുടെ നിർബന്ധപ്രകാരമാണ് ഈ പേരു സ്വീകരിച്ചത്. വിനോയി എന്ന ചെറുപ്പക്കാരനെ തിരഞ്ഞുപിടിച്ച് വൈദിക വിദ്യാർത്ഥിയായി സെമിനാരിയിൽ ചേർത്തത് ബാവാ തിരുമേനി തന്നെ. പഠനശേഷം ഫാ. സഖറിയ പെരങ്ങാട് എന്ന നാമധേയത്തിൽ വൈദികനായി. തുടർന്നു ബാവായുടെ സെക്രട്ടറിയായി സഭയിൽ പ്രവർത്തിച്ചു.

പ. വാകത്താനത്ത് ബാവായെ സഭയിലെ പരിശുദ്ധ പദവി നൽകി ആദരിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും, ബസേലിയോസ് മാർത്തോമ്മ പ്രഥമൻ ബാവായുടെ എഴുത്തുകളൊക്കെ ഒന്നിച്ച് ഒരു സമ്പൂർണ്ണ കൃതിയാക്കി പ്രസിദ്ധീകരിക്കുവാനുള്ള ആഗ്രഹവും പൂവണിഞ്ഞില്ല. അഞ്ചു വർഷങ്ങൾക്കുള്ളിൽ ഇടുക്കി ഭദ്രാസനത്തെ സഭയിലെ മികച്ച ഭദ്രാസനമാക്കിയ ശേഷം സഭ നിശ്ചയിക്കുന്ന മറ്റ് ഏതെങ്കിലും ഭദ്രാസനത്തിലേയ്ക്ക് പോകുവാൻ തയ്യാറാണെന്നും, ഭദ്രാസനത്തിൽ കെട്ടിപ്പിടിച്ചുകിടക്കാനൊന്നും ഞാനില്ല എന്നും അദ്ദേഹം പറയുമായിരുന്നു.

അഗതികളുടെ ആശ്വാസമായിരുന്ന തിരുമേനിയുടെ വിയോഗം സഭയ്ക്ക് ഒരു നഷ്ടമെങ്കിലും അദ്ദേഹം നൽകിയ പ്രചോദനം നമുക്കെന്നും വിളക്കായിരിക്കട്ടെ. തിരുമേനിയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

## കുരിശുവരയ്ക്കുന്നത് എങ്ങനെ ? എന്തിന് ?

ഭൂരിപക്ഷം ജനങ്ങളും ശരിയായ രീതിയിൽ കുരിശുവരയ്ക്കാറില്ല. തള്ളവിരൽ (Thumb), ചൂണ്ടുവിരൽ (Fore finger), നടുവിരൽ (Middle finger)എന്നീ വിരലുകളുടെ അറ്റങ്ങൾ ഒരുമിച്ചുപിടിച്ചും മറ്റു രണ്ടുവിരലുകൾ അകത്തേയ്ക്ക് മടക്കിവെച്ചുമാണ് കുരിശുവരയ്ക്കാൻ തുടങ്ങേണ്ടത്. ആദ്യം നെറ്റിയുടെ നടുഭാഗത്തും, അവിടെ നിന്ന് നെഞ്ചിലേയ്ക്കും പിന്നെ ഇടതുതോളിലേയ്ക്കും അവിടെ നിന്ന് വലതുതോളിലേയ്ക്കുമാണ് കുരിശുവരയ്ക്കേണ്ടത്. (Fore head, Chest, Left shoulder, Right shoulder) മൂന്നുവിരലുകൾ ചേർത്തുപിടിക്കുന്നത് ത്രിത്വത്തെ സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു, സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേയ്ക്ക് ഇറങ്ങിവന്ന് പാപം മൂലം ഇടതിന്റെ മക്കളായിരുന്ന നമ്മെ തന്റെ ക്രൂശിലുള്ള മരണം മൂലം വലതിന്റെ അഥവാ ദൈവത്തിന്റെ മക്കളാക്കിത്തീർത്തു എന്നുള്ളതാണ് കുരിശുവരയുടെ സാരം.

**(Compiled)**